# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1841

17.06.2013-ൽ മറുപടിയ്ക്ക്

### വാഹന പരിശോധന സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കോവൂർ കുഞ്ഞുമോൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) പോലീസ് സ്റ്റേഷനുകളിൽ ദിവസവും നിശ്ചിത എണ്ണം പെറ്റി കേസുകൾ ചാർജ്ജുചെയ്യണമെന്ന് ജില്ലാ പോലീസ് മേധാവികൾ നിർദ്ദേശം നൽകുന്നുണ്ടോ; | (എ) ഇല്ല. എന്നാൽ നിയമ ലംഘനം നടത്തുന്ന വാഹനങ്ങളിലെ ഡ്രൈവർമാർക്കെതിരെയും, പൊതുസ്ഥലത്തെ പുകവലി, മറ്റ് കുറ്റകൃത്യങ്ങൾ എന്നിവയ്ക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശങ്ങൾ നൽകാറുണ്ട്. |
| (ബി) ഒരേ സ്റ്റേഷൻ പരിധിക്കുള്ളിൽ തന്നെ ഒന്നിൽ കൂടുതൽ സ്ഥലങ്ങളിൽ വാഹന പരിശോധന നടത്തുന്നതു മൂലം ഒരേ വാഹനം പല തവണ പരിശോധനയ്ക്ക് വിധേയമാക്കേണ്ടി വരുന്നതു കൊണ്ട് വാഹന ഉടമയ്ക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) അത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വാഹന പരിശോധന നടത്തുന്നത് പൊതുജന സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായാണ്. |

| | | | |
|---|---|---|---|
| (സി) | വാഹന പരിശോധനയ്ക്കിടയിൽ ഉണ്ടാകുന്ന വാഹന അപകടങ്ങളുടെ കണക്ക് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ കണക്ക് ജില്ല തിരിച്ച് വ്യക്തമാക്കുമോ; ഇത്തരത്തിൽ അപകടം പറ്റി ജീവൻ നഷ്ടപ്പെട്ടവർ എത്ര; കണക്ക് വ്യക്തമാക്കുമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മലപ്പുറം ജില്ലയിൽ 3 സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആർക്കും ജീവൻ നഷ്ടപ്പെട്ടിട്ടില്ല. 3 പോലീസ് ഉദ്യോഗസ്ഥർക്കും 5 യാത്രക്കാർക്കും പരിക്ക് പറ്റിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**